അധ്യായം
പതിനൊന്ന്

ഋതുക്കൾ മാറി മാറി വന്നു. തിരക്കുകളിലൂടെ കടന്നുപോകുന്ന ദിനങ്ങൾ.രാവിലെ പത്രത്തിലെ തിരഞ്ഞെടുപ്പ് ഫലങ്ങളിൽ ശ്രദ്ധിച്ചിരിക്കുകയാണ് ജേക്കബ്. പ്രധാനമന്ത്രി മൻമോഹൻസിംഗിന്റെ നേതൃത്വത്തിലുള്ള യു.പി.എയ്ക്ക് ഇന്ത്യ ഭരിക്കാനുള്ള ഭൂരിപക്ഷം ലഭിച്ചിരിക്കുന്നു. സ്വാതന്ത്ര്യസമരകാലഘട്ടത്തിന് നേതൃത്വം നൽകി, സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ സ്വപ്നങ്ങൾക്ക് നിറം പകർന്ന കോൺഗ്രസ് പാർട്ടി മുൻകാലപ്രാബല്യത്തോടെ വീണ്ടും അധികാരത്തിലേക്ക് തിരിച്ചെത്തിയത് ആഘോഷമാക്കി മാറ്റിയിരിക്കുകയാണ് പത്രങ്ങൾ. മതേതരത്വത്തിലധിഷ്ഠിതമായ, 120 കോടിയിലേറെ ജനങ്ങൾ താമസിക്കുന്ന ഇന്ത്യയുടെ ജനാധിപത്യത്തിന് ലോകമെങ്ങുമുള്ള ജനാധിപത്യനായകരുടെ അഭിനന്ദനം. പാക് സൈന്യം സ്വന്തം മണ്ണിൽ താലിബാനെതിരെ പോരാടുന്നതിനെകുറിച്ചാണ് മറ്റൊരു വാർത്ത. ഒരിക്കൽ താലിബാന്റെ തോന്ന്യാസങ്ങൾക്ക് കുടപിടിച്ചുകൊടുത്ത രാജ്യമാണ് പാക്കിസ്ഥാൻ. ആഗോള സാമ്പത്തിക മാന്ദ്യം ലോകത്തെല്ലായിടത്തും സാമ്പത്തിക വളർച്ചയെ തടസപ്പെടുത്തിയിരിക്കുന്നതിനെ കുറിച്ചെഴുതി പത്രങ്ങൾ പേജുകൾ നിറച്ചിരിക്കുന്നു.. ഇരുപതാണ്ട് മുമ്പ് ഇന്ത്യയിലെ ജനങ്ങൾ സാമ്പത്തിക മാന്ദ്യം എന്നൊരു വാക്കുപോലും കേട്ടിട്ടുണ്ടാവില്ല.അന്നൊക്കെ ദാരിദ്ര്യത്തെക്കുറിച്ച് മാത്രമായിരുന്നു ഇന്ത്യക്കാർക്ക് അറിവുള്ളത്. ബ്രിട്ടീഷുകാരിൽ നിന്ന് ഇന്ത്യസ്വാതന്ത്ര്യം നേടുന്ന കാലത്തിവിടെ 70 ശതമാനം ആളുകളും ദരിദ്രരാണ്. 30 ശതമാനത്തിന് താഴെയായിരുന്നു സാക്ഷരത. 10 വർഷത്തിനിടെ ഇന്ത്യയിലുണ്ടായ വികസനം അസൂയാർഹം തന്നെ. ദാരിദ്ര്യത്തിന്റെ തോത് 40 ശതമാനത്തിൽ താഴെയായി. സാക്ഷരത 60 ശതമാനത്തിന് മേലെയും. വളർച്ചയുടെ പാതയിൽ ഇന്ത്യയ്ക്കിനിയും ഏറെ ദൂരം മുന്നേറാനുണ്ട്. ഐ.ടി രംഗത്ത് ലോകത്ത് തന്നെ ഇന്ത്യയിന്ന് ഏറ്റവും മുന്നിലാണ്. സാക്ഷരതയിലും ടൂറിസം രംഗത്തും കേരളം രാജ്യത്തിനുതന്നെ മാതൃകയാണിന്ന്. ജലവൈദ്യുത പദ്ധതികളെ ആശ്രയിക്കുന്നുവെങ്കിലും ഇലക്ട്രിസിറ്റിയുടെ കാര്യത്തിലും കേരളം സ്വയം പര്യാപ്തമായിരിക്കുന്നു.

വിദേശ മലയാളികളുടെ സംഭാവനകൾ കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് സഹായകമായി. നാലു ലക്ഷത്തോളം മലയാളികൾ അമേരിക്കയിലും 50000 പേർ കാനഡയിലും 5000 പേർ ബ്രിട്ടനിലും മറ്റൊരു 50000 യൂറോപ്യൻ രാജ്യങ്ങളിലും 20 ലക്ഷം പേർ ഗൾഫ് രാജ്യങ്ങളിലും ഉണ്ടെന്നാണ് കണക്കുകൾ. മലേഷ്യ, സിംഗപ്പൂർ, ഓസ്ട്രേലിയ, ആഫ്രിക്കൻ രാജ്യങ്ങൾ എന്നിവിടങ്ങളിലും നിരവധി മലയാളികളുണ്ട്. ടൂറിസം രംഗത്തും, കൊമേർഷ്യൽ റിയൽ എസ്റ്റേറ്റ് രംഗത്തുമാണ് വിദേശ മലയാളികൾ മുതൽമുടക്കാനിഷ്ടപ്പെടുന്നത്. ടൂറിസവും വിദേശ പണവും പണപ്പെരുപ്പത്തിനിടയാക്കിയിട്ടുണ്ട്.

തന്റെ ചെറുപ്പത്തിലൊന്നും ഇങ്ങനെയൊരു കാലത്തെകുറിച്ച് ചിന്തിക്കാൻ പോലുമാകുമായിരുന്നില്ല. ദിവസക്കൂലിക്കാർക്ക് പറയത്തക്ക ജോലികളില്ലായിരുന്നു അന്ന്. പലർക്കും മൂന്നുനേരം ഭക്ഷണത്തിനുപോലും വകയില്ലാത്ത കാലം. പുരുഷൻമാർക്കൊപ്പം സ്ത്രീകൾക്കും മാന്യമായ സ്ഥാനമുണ്ട് കേരളത്തിലിന്ന്. അവരിൽ പലരും ജോലി ചെയ്ത് പണം സമ്പാദിക്കുന്നു.ലേബർ ക്ലാസിന്റെ ജീവിതരീതികളിലും മാറ്റങ്ങളേറെയുണ്ട്. വിദ്യാഭ്യാസത്തിന് എല്ലാവർക്കും അവസരങ്ങൾ. പക്ഷേ ആളുകളുടെ മനോഭാവത്തിന് മാത്രം മാറ്റമില്ല.സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ നേടിയ വൻപുരോഗതിക്കുശേഷവും കേരളത്തിലെ രാഷ്ട്രീയ പെരുമാറ്റങ്ങൾ അപക്വമായി തുടരുന്നു.രാഷ്ട്രീയക്കാർക്ക് പൊതുവേ ജനത്തെ സേവിക്കണമെന്നില്ല. സാമൂഹ്യ സൗഹാർദത്തിലും മതേതരത്വത്തിലും കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുന്നിലാണ്.

പുതിയ തലമുറയെ സംബന്ധിച്ച് പ്രതീക്ഷിക്കാനേറെയുണ്ട്.ഉയർച്ചയിലേക്കാണ് ഇന്നത്തെ തലമുറയുടെ നോട്ടം. മതപരമോ വർഗീയമോ ആയ പാരമ്പര്യങ്ങളിൽ അവരിൽ പലർക്കും വിശ്വാസമില്ല.ആഗോളതലത്തിൽ ഇതേ പുതിയ തലമുറയുടെ പ്രതിനിധികൾ തന്നെയാണ് രണ്ട് വംശീയതകൾ ഒന്നുചേരുന്ന ബറാക് ഒബാമയെ അമേരിക്കയുടെ 44-ാം പ്രസിഡന്റായി തിരഞ്ഞെടുത്തത്. ആംഗ്ലോസാക്സൺ പശ്ചാത്തലമുള്ള വെളുത്തവർമാത്രം അലങ്കരിച്ചിരുന്ന യു.എസ് പ്രസിഡന്റ് പദം അങ്ങനെ കറുത്ത മുസ്ലീമിന്റെ മകനായി പിറന്ന ഒബാമയ്ക്ക് സ്വന്തമായി. ഉയർച്ചയിലേക്കു മാത്രം ചുവടുവയ്ക്കുന്ന ഈ പുതിയ തലമുറ ലോകത്തുതന്നെ 30ശതമാനമേയുള്ളൂ. ബാക്കിയുള്ള 30 ശതമാനം പേരും ദാരിദ്ര്യത്തിലും മോശം ജീവിത സാഹചര്യങ്ങളിലും ജീവിക്കുന്നു. 40 ശതമാനം പേർ പാരമ്പര്യങ്ങളെ കാത്തു സൂക്ഷിക്കുന്നവരാണ്. കുടുംബബന്ധങ്ങൾക്കും ധാർമിക മൂല്യങ്ങൾക്കും വിലകൽപിച്ചിരുന്ന പഴയ തലമുറയെയാണ് ജേക്കബിനിഷ്ടം. ക്രിസ്ത്യാനികളെന്നും മുസ്ലീമുകളെന്നും ഹിന്ദുക്കളെന്നും സിഖുകാരെന്നും വ്യത്യസ്ത വിശ്വാസങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും ആരിലും ആഴമായ വിശ്വാസമില്ല. സാമൂഹ്യ ജീവിതവും നഷ്ടമായിരിക്കുന്നു. അയൽക്കാരനാരെന്ന് പോലും അറിയാത്ത തലമുറയാണിന്നത്തേത്.

ചിന്തകളിൽ നിന്നുണർന്ന്, പത്രം മടക്കി മേശമേലിട്ട് ജേക്കബ് എണീറ്റു.വേഗം തന്നെ ഫ്രഷായി വന്നു.ഡയറിയെടുത്ത് അസൈന്മെന്റുകളിലേക്ക് കണ്ണോടിച്ചു.ഇന്നത്തെ പ്രോഗ്രാമുകൾക്കുള്ള പ്രസംഗങ്ങൾക്ക് നോട്ടുകൾ കുറിച്ചിട്ടു.

ഭക്ഷണം വിളമ്പിവച്ച് മേരി ജേക്കബിനെ വിളിച്ചു. സെബിനെ കൈകളിലെടുത്ത് മേരി ഊണുമേശയ്ക്കരികെ നിന്നു.

“അവനെ താഴോട്ട് നിർത്ത്. ഏതു സമയോം കുഞ്ഞിനെ എടുത്തോണ്ട് നടക്കുന്നത് നല്ല ശീലമല്ല.” ജേക്കബ് പറഞ്ഞു.

കുഞ്ഞിനെ നിലത്ത് മാറ്റിൽ കിടത്തിയിട്ട് ജേക്കബിനൊപ്പം മേരിയും കാപ്പി കുടിക്കാനിരുന്നു.

“ഇന്ന് നേരത്തെ വരില്ലേ അച്ചായാ? ബീനയും പ്രകാശും നമ്മളെ ഭക്ഷണത്തിന് വിളിച്ചകാര്യം മറക്കല്ലേ. പ്രകാശിന്റെ അഛനും അമ്മയും ബാംഗ്ലൂരിൽ നിന്ന് വന്നിട്ടുണ്ടെന്നാ കേട്ടത്.”

“ഞാൻ മാക്സിമം ശ്രമിക്കാം. ഇടയ്ക്ക് വല്ല എമർജൻസിയും വന്ന് കേറാതിരുന്നാ മതി. കല്യാണം കഴിഞ്ഞതിൽ പിന്നെ പ്രകാശിന്റെ മാതാപിതാക്കളോടൊന്നും ഇതുവരെ സംസാരിച്ചിട്ടില്ല.”

“അമ്മയോട് ഞാൻ ഒരിക്കൽ ഫോണിൽ സംസാരിച്ചിരുന്നു. അപ്പന്റെ പേര് ശ്രീധരനെന്നാണോ, ശ്രീധറെന്നാണോ?”

“ശ്രീധരനെന്നാ ശരിക്കുള്ള പേര്. പേരുകളൊക്കെ ചുരുക്കിപ്പറയുന്നതല്ലേ ഇപ്പോഴത്തെ സ്റ്റൈൽ.”

സെബിൻ ഉരുണ്ടുരുണ്ട് ചെന്ന് തല ഭിത്തിയിലെവിടെയോ ചെറുതായൊന്നിടിച്ചു, കരച്ചിലായി.

മേരി പെട്ടെന്ന് കൈകഴുകി വന്ന് കുഞ്ഞിനെയെടുത്താശ്വസിപ്പിച്ചു. അവൻ കരച്ചിൽ നിർത്തി.

വൈകുന്നേരം ജേക്കബും മേരിയും സെബിനെയും ജോലിക്കാരി അന്നാമ്മച്ചേടത്തിയേയും കൂട്ടി പ്രകാശും ബീനയും താമസിക്കുന്നിടത്തേക്ക് പോയി. ഡാഡിയെയും മമ്മിയെയും കണ്ട സന്തോഷത്തിൽ ബീന ഓടി വന്ന് രണ്ടുപേരെയും കെട്ടിപ്പിടിച്ച് സന്തോഷം പങ്കുവച്ചു.

“ഓ ഇവനങ്ങ് വലുതായല്ലോ. വല്യമ്മച്ചി നന്നായിട്ടിവന് ഭക്ഷണം കൊടുക്കുന്നുണ്ടെന്നാ തോന്നുന്നേ.” സെബിനെ കൈകളിലെടുത്ത് ബീന പറഞ്ഞു. മേരിയും ജേക്കബും വന്നതറിഞ്ഞ് പ്രകാശും അഛനമ്മമാരും പുറത്തേക്ക് വന്നു.

“നിങ്ങളെന്നാ ബാംഗ്ലൂരിൽ നിന്നെത്തിയേ?” ജേക്കബ് ചോദിച്ചു.

“ഞങ്ങൾ രണ്ടുദിവസം മുമ്പെത്തിയതാ. എനിക്കിവിടൊരു ബിസിനസ് മീറ്റിംഗുണ്ടായിരുന്നു. ഞാൻ പോന്നപ്പോൾ മാലിനിയും കൂടെപ്പോരുന്നുവെന്ന് പറഞ്ഞു. മാലിനിക്കിവിടം പണ്ടേ ഇഷ്ടമാ. ഇപ്പം താമസിക്കാനൊരു സ്ഥലവുമുണ്ടല്ലോ.”

“അതെയതെ. ഇപ്പഴിങ്ങോട്ടു വരാനൊരു കാരണമായി.”മേരി പറഞ്ഞു.

“ശരിയാ, എനിക്ക് തിരുവനന്തപുരം ഇഷ്ടമാ. ബാംഗ്ലൂരിലിപ്പം വലിയ തിരക്കല്ലേ. ആളും ബഹളോം, എല്ലാം കൂടി ശ്വാസം മുട്ടും.”

“ഇവിടെ ലിവിംഗ് റൂമിലിരുന്ന് സംസാരിക്കാം.” പ്രകാശ് എല്ലാരെയും അകത്തേക്ക് ക്ഷണിച്ചു.

“നിങ്ങളെ കാണാൻ പറ്റിയതിൽ വളരെ സന്തോഷം. ഇതുവരെ തമ്മിലൊന്നു സംസാരിക്കാൻ പറ്റിയിട്ടില്ല. ഞാനും ബിസിനസ് തിരക്കിലായിരുന്നു. മാനുഫാക്ചറിംഗ് ഫീൽഡ് വലിയ ബുദ്ധിമുട്ടാ. തിരുവനന്തപുരത്ത് എന്തെങ്കിലും സംരംഭം തുടങ്ങിയാലോന്ന് ആലോചനയുണ്ട്. ഇവിടെയങ്ങ് സ്ഥിരമായി കൂടിയാലോ എന്നും ആലോചിക്കാതിരുന്നിട്ടില്ല.” ശ്രീധർ പറഞ്ഞു.

“തിരുവനന്തപുരം നല്ല സിറ്റിയാ, താമസിക്കാൻ. ഇന്ത്യയിലെ ഏറ്റവും വൃത്തിയുള്ള സ്ഥലങ്ങളിലൊന്ന്. ഇവിടെ ഏത് ഫീൽഡിൽ ഇൻവെസ്റ്റ്മെന്റ് ചെയ്യാനാ പ്ലാൻ?.”

“കേരളത്തിലാവുമ്പോ റിസോർട്ടിലോ ഹോട്ടലിലോ ഇൻവെസ്റ്റ് ചെയ്യുന്നതാ നല്ലതെന്ന് തോന്നുന്നു.” ശ്രീധർ പറഞ്ഞു.

“ഐ.ടി ഫീൽഡിലും ഇൻവെസ്റ്റ് ചെയ്യാമെന്നേ.”

“എനിക്ക് ഐ.ടിയെ സംബന്ധിച്ചൊന്നുമറിയില്ല. ഹോട്ടലും റിസോർട്ടുമൊക്കെയാണെങ്കിൽ നമുക്ക് നേരിട്ടങ്ങ് ചെയ്യാം. ഈ മാനുഫാക്ചറിംഗ് മടുത്തു”. ഓരോകാര്യങ്ങൾ സംസാരിച്ചിരുന്ന് ഉച്ചയായി.

മാലിനിയും ബീനയും ഭക്ഷണം വിളമ്പുന്ന തിരക്കിലായി.

“സാധനങ്ങളെല്ലാമെടുത്ത് മേശപ്പുറത്ത് വച്ചിട്ട് നമുക്ക് ഒരുമിച്ചിരിക്കാം. ഓരോരുത്തരും ആവശ്യത്തിനുള്ളത് വിളമ്പിയെടുത്താ മതിയല്ലോ.” മേരി പറഞ്ഞു.

മേശപ്പുറത്ത് എല്ലാമെടുത്തുവെച്ചുവെന്നുറപ്പാക്കിയിട്ട് മാലിനിയും ബീനയും മറ്റുള്ളവർക്കൊപ്പമിരുന്നു.

“കറികളെല്ലാം നന്നായിട്ടുണ്ട്. ബീന കുക്കിംഗിന് സഹായിച്ചിരുന്നോ?”

മേരി ചോദ്യഭാവത്തിൽ മാലിനിയെ നോക്കി. മറുപടി പറഞ്ഞത് ബീനയാണ്.

“അമ്മയാ എല്ലാറ്റിനും മുന്നിൽ നിന്നത്. ഞാൻ കൂടിക്കൊടുത്തെന്നേയുള്ളൂ.

പച്ചക്കറിയും മീനുമൊക്കെ കറി വെക്കുന്നതെങ്ങനെയാന്നും അമ്മയെന്നെ പഠിപ്പിച്ചു.”

“ബീനയും പാചകത്തിന് മിടുക്കിതന്നെയാ.” മരുമോളെ പ്രശംസിക്കുന്നതിൽ മാലിനിയും പിശുക്ക് കാട്ടിയില്ല.

“ പിന്നേ ബീന മാത്രമല്ല, ഞാനും സഹായിച്ചിട്ടുണ്ട്. എല്ലാം ഞാൻ രുചിച്ച് നല്ലതാണെന്ന് ഉറപ്പാക്കിയി

രുന്നു."

പ്രകാശും ഭക്ഷണമൊരുക്കിയതിലെ തന്റെ പങ്ക് വ്യക്തമാക്കി.

"ഈ ആണുങ്ങളങ്ങനെ സഹായിക്കാനൊന്നും വരില്ല. ഞാനെന്നും പുതിയ കറിയുണ്ടാക്കിയില്ലങ്കീ ജേക്കബിനിഷ്ടപ്പെടില്ല. ഇവരെയൊക്കെയൊന്ന് തൃപ്തിപ്പെടുത്തണമെങ്കിൽ വലിയ ബുദ്ധിമുട്ടാ." മേരി പറഞ്ഞു.

"തിരുവനന്തപുരത്തിപ്പോ നല്ല റസ്റ്റോറന്റുകളൊക്കെയുണ്ട്."

"അതേ ജേക്കബ്. ടൂറിസം വികസനം കേരളത്തെ ശരിക്കും മാറ്റിയിട്ടിട്ടുണ്ട്. എവിടെച്ചെന്നാലും നല്ല ഭക്ഷണം കിട്ടും. ഒരു പത്തു വർഷം മുമ്പായിരുന്നെങ്കി ഇങ്ങനൊരു കാര്യം ചിന്തിക്കാൻ കൂടി പറ്റുമായിരുന്നില്ല. വിദേശ മദ്യഷാപ്പുകളും ഇന്ന് കേരളത്തിലെങ്ങും കാണാം." ശ്രീധർ പറഞ്ഞു.

"കാറ്ററിംഗ് കോളജുകളിൽ നിന്ന് പഠിച്ചിറങ്ങുന്ന കുട്ടികൾ പഴയ പാചകരീതിയെ മെച്ചപ്പെടുത്തി പുതിയ സ്റ്റൈലുകൾ പരീക്ഷിച്ചു നോക്കുന്നു. കേരളത്തിന്റെ ഈവിധമുള്ള മാറ്റങ്ങൾ അസൂയാവഹം തന്നെ."

"ഇന്നാട്ടിലിനിയും ഹോട്ടലിനും റെസ്റ്റോറന്റിനുമൊക്കെ സ്കോപ്പുണ്ടല്ലോ ജേക്കബ്?"

"തീർച്ചയായും, ഈ പ്രദേശം വികസനസാധ്യതകളുള്ള ഏരിയയാ. ഗവൺമെന്റിന്റെ സഹായവും ആവശ്യത്തിനുണ്ടാകും."

"കുറെക്കാലമായി ഞാൻ അഛനോട് പറയുന്നതാ, കേരളത്തിലെ ടൂറിസം മേഖലയിൽ ഇൻവെസ്റ്റ് ചെയ്യാൻ. അന്നൊന്നും കേട്ടില്ല.ഞാനും ഇങ്ങോട്ട് പോന്നതോടെയാ അഛനിതിൽ താൽപര്യമായതെന്ന് തോന്നുന്നു".

"എന്താണ് നിങ്ങളുടെ പ്ലാനെന്ന് പറഞ്ഞാൽ ഞാൻ കുറച്ച് ആളുകളെ പരിചയപ്പെടുത്തിത്തരാം ശ്രീധർ."

"ഓ.കെ ജേക്കബ്."

ഭക്ഷണത്തിനു ശേഷം എല്ലാവരും ലിവിംഗ് റൂമിലിരുന്നു. മാലിനിയും ബീനയും കുറച്ച് പഴങ്ങളും മിഠായിയും മേശമേൽ നിരത്തി. ബീനയെ അടുത്തേക്ക് ചേർത്തുനിർത്തി പ്രകാശ് പറഞ്ഞു.

"എല്ലാരോടുമായി ഞങ്ങൾക്കൊരു സന്തോഷവർത്തമാനം പറയാനുണ്ട്."

എല്ലാവരുടെയും ശ്രദ്ധ പ്രകാശിലേക്ക് തിരിഞ്ഞു.

"ബീന പ്രഗ്നന്റാണന്നതാ വിശേഷം.. നിങ്ങളെല്ലാരും അപ്പൂപ്പനും അമ്മൂമ്മയുമാകാൻ പോകുന്നു."

"കൺഗ്രാജുലേഷൻസ് കുട്ടികളേ. ഞങ്ങൾക്കൊത്തിരി സന്തോഷമുണ്ട്." എല്ലാരും ഒരേ സ്വരത്തിൽ പറഞ്ഞു.

മേരി എഴുന്നേറ്റ് ബീനയെ കെട്ടിപ്പിടിച്ചു. അവരുടെ കണ്ണുകളിൽ സന്തോഷാശ്രുക്കൾ നിറഞ്ഞു. മധുരം വിളമ്പി എല്ലാരും സന്തോഷത്തിൽ പങ്കുചേർന്നു. പോകുംമുമ്പ് ജേക്കബും മേരിയും ശ്രീധറെയും മാലിനിയെയും വീട്ടിലേക്ക് ക്ഷണിച്ചു. അടുത്ത ദിവസംതന്നെ ബാംഗ്ലൂർക്ക് പോകേണ്ടതിനാൽ ഇനി വരുമ്പോഴാകാം വീട്ടിലേക്കെന്നവർ പറഞ്ഞു.

ജേക്കബും മേരിയും സെബിനും അന്നാമ്മച്ചേടത്തിക്കുമൊപ്പം വീട്ടിൽ തിരിച്ചെത്തി. മേരി സെബിനെ ഉറക്കാൻ അവനൊപ്പം കിടന്നു. ബീനയെക്കുറിച്ചായി ജേക്കബിന്റെ ചിന്തകൾ. ചെറുപ്പത്തിൽ മിടുക്കി പെൺകുട്ടിയായിരുന്നുബീന.ജോലി കഴിഞ്ഞുവന്ന് വിശ്രമിക്കാനിരിക്കുമ്പോൾ നൂറുചോദ്യങ്ങളുണ്ടാകും അവൾക്ക. വളർന്നപ്പോൾ അവളൊരു ഡോക്ടറായിക്കാണാനായിരുന്നു മോഹം. അതവൾ സാധിച്ചും കൊടുത്തു. നല്ലൊരു ക്രിസ്ത്യാനിപ്പയ്യനൊപ്പം ബീനയെ വിവാഹം ചെയ്തുവിടുക.ആ സ്വപ്നംമാത്രം വെറുതെയായി.

അവളിപ്പോൾ പ്രകാശിനൊപ്പം സന്തോഷമായി ജീവിക്കുന്നു. ഇനിയൊരു കുഞ്ഞുണ്ടായാൽ അവൻ നായര് കുട്ടിയായി വളരും. പുതിയ തലമുറയിലെ കുട്ടികളെന്ന നിലയിൽ അവർക്കീ കാര്യത്തിൽ വിഷമമൊന്നുമില്ല. പക്ഷേ അവളുടെ ഡാഡിക്കും മമ്മിക്കും ജീവിതകാലം മുഴുവൻ ഇതോർത്ത് മനസ് വിഷമിക്കണം. ഇപ്പോൾ തന്നെ കുടുംബക്കാർക്കിടയിലെല്ലാം ഒറ്റപ്പെട്ട നിലയിലായി. പുറമേക്ക് ആരും അനിഷ്ടം കാട്ടുന്നില്ലെങ്കിലും രഹസ്യസംഭാഷണങ്ങളിൽ എല്ലാരും ഇക്കാര്യം ചർച്ചാ വിഷയമാക്കുന്നുണ്ട്. ബീനയുടെ കുഞ്ഞിന്റെ പേരും ജാതിയുമൊക്കെ കൂടുതൽ പ്രശ്നങ്ങളിലേക്ക് കാര്യങ്ങളെത്തിക്കും. അവളുടെ സന്തോഷം തല്ലിക്കെടുത്താനും പറ്റില്ലല്ലോ?

ബിനുവിന്റെ പ്രശ്നങ്ങൾ ഒരുവിധം പരിഹരിച്ചെങ്കിലും ബീനയുടെ കാര്യങ്ങൾ അങ്ങനെ സാധിക്കുമെന്നൊരുറപ്പുമില്ല. കല്യാണം പേരിന് പള്ളിയിൽ വച്ച് നടന്നെങ്കിലും പ്രകാശ് ക്രിസ്ത്യാനിയായി തുടരുന്ന കാര്യമൊന്നും ഉറപ്പില്ല.

"അച്ചായനുറങ്ങുന്നില്ലേ." മേരി വിളിച്ചു ചോദിച്ചു.

"നീ ഉറങ്ങിയില്ലേ. കുഞ്ഞിനൊപ്പം കിടന്നുറങ്ങിക്കാണുമെന്ന് ഞാൻ കരുതി."

"സെബിനെ ഉറക്കിയിട്ടു ഞാനും ഉറങ്ങാൻ നോക്കി, പക്ഷേ എങ്ങനെ ഉറക്കം വരാനാ. നമ്മുടെ മോളൊരു നായർ കുടുംബത്തിൽ കഴിയുന്നത് കണ്ടിട്ടെങ്ങനെ സുഖമായുറങ്ങും."

"ഞാനും അതുതന്നെയാ ആലോചിച്ചിരുന്നത്. നമുക്കവളെ നഷ്ടപ്പെട്ടിരിക്കുന്നു മേരീ?" അയാളുടെ സ്വരമിടറി.

“ബിനുവിന്റെ കാര്യത്തിലിത്രയും പ്രശ്നമില്ലാരുന്നു. അവൻ നമ്മുടെ മകനല്ലേ. സെബിൻ നമ്മുടെ കൊച്ചു മകനും. പക്ഷേ ബീനയുടെ കുഞ്ഞുണ്ടാകുമ്പോൾ നമുക്കത്തരം അവകാശവാദങ്ങളൊന്നും പറ്റില്ല. അവളുടെ ഭർത്താവിന്റെ കുടുംബത്തിലല്ലേ ആ കുഞ്ഞ് പിറക്കുന്നത്.”

“ബിനുവിനെ പോലെ തന്നെ ബീനയ്ക്കും നമ്മുടെ വിഷമമൊന്നും പ്രശ്നമല്ല. നമുക്ക് മാത്രമേയുള്ളൂ ഇക്കാര്യത്തിലൊക്കെ വിഷമം.” മേരി വീണ്ടും സങ്കടം പറഞ്ഞുകൊണ്ടിരുന്നു.

“യാഥാർഥ്യങ്ങൾ നേരിട്ടല്ലേ പറ്റൂ മേരീ.”

പരസ്പരം ആശ്വസിപ്പിച്ച് അവർ ഉറങ്ങാൻ കിടന്നു.

രാവിലെ ഓഫീസിലേക്ക് തിരിക്കുംമുമ്പ് പത്രമൊന്നോടിച്ചു നോക്കി. പ്രധാനമന്ത്രി മൻമോഹൻസിംഗിന്റെ മന്ത്രിസഭ 79 മന്ത്രിമാരെ ഉൾപ്പെടുത്തി വികസിപ്പിച്ചിരിക്കുന്നു. 34 പേർക്ക് ക്യാബിനറ്റ് റാങ്കുണ്ട്.കേരളത്തിനുമുണ്ട്,് രണ്ട് ക്യാബിനറ്റ് മന്ത്രിമാരടക്കം ആറ് മന്ത്രിപദം.പാക്കിസ്ഥാനിലൊരു ബോംബ് സ്ഫോടനത്തിൽ 30 പേർ കൊല്ലപ്പെട്ടിരിക്കുന്നു. തീവ്രവാദ അക്രമവും ബോംബ്സ്ഫോടനങ്ങളും പത്രത്തിൽ സ്ഥിരം വാർത്തയാണ്. 1947 മുതലിന്നോളം ജനാധിപത്യ സർക്കാരുകൾ ഇന്ത്യയിൽ മാറി മാറി അധികാരമേൽക്കുന്നു. ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്ന ചെറിയൊരിടവേള എമർജൻസി പ്രഖ്യാപിച്ചതുമാത്രമാണിതിനൊരപവാദം. ഇന്ത്യയ്ക്കൊപ്പം നിലവിൽ വന്ന പാക്കിസ്ഥാനിൽ സ്ഥിതി വിപരീതമാണ്. ഇന്ത്യൻ ജനാധിപത്യം വളർന്ന് പാകതയിലെത്തിയിരിക്കുന്നു. ഇലക്ഷനുകളിവിടെ ശാന്തമായി നടക്കുന്നു. പാക്കിസ്ഥാൻ ഭീകരരെ സപ്പോർട്ട് ചെയ്യുന്നതിനെകുറിച്ച് ഇന്ത്യ ലോകത്തിന് മുന്നറിയിപ്പ് കൊടുത്തതാണ്. ഇന്നിന്ത്യയെപ്പോലെ തന്നെ പാക്കിസ്ഥാനും ഇതേ പ്രശ്നം നേരിടുന്നു. ശ്രീലങ്കയിൽ തമിഴ് പുലി നേതാവ് കൊല്ലപ്പെട്ട വാർത്തയും പത്രങ്ങൾ ആഘോഷിച്ചിരിക്കുന്നു. ആഗോള വാർത്തകളെടുത്താൽ സാമ്പത്തിക മാന്ദ്യത്തിൽ നിന്നും യു.എസ് സാമ്പത്തിക രംഗം കരകയറി വരുന്നു.

ഫോൺ റിംഗ് ചെയ്തതുകേട്ട് ജേക്കബ് ഫോണെടുത്തു. കുമരകത്തു നിന്ന് ശങ്കരനായിരുന്നു ലൈനിൽ.

“സർ അൽപം മുമ്പ് അപ്പച്ചനൊരു ഹാർട്ടറ്റാക്കുണ്ടായി. ആശുപത്രിയിലെത്തുംമുമ്പ്.....”

“ങേ എന്തു പറ്റി?” ശങ്കരൻ മുഴുമിക്കും മുമ്പേ ജേക്കബ് ചോദിച്ചു.

“അത്........അപ്പച്ചൻ...മരിച്ചു സാർ....., അപ്പാപ്പനും എല്ലാരും ഇവിടെയുണ്ട്.”അയാൾക്ക് വിശ്വസിക്കാൻ പറ്റിയില്ല.ഒരുനിമിഷം ജേക്കബ് ഒന്നും മിണ്ടാതെ നിന്നു.പിന്നെ സമനില വീണ്ടെടുത്തു ചോദിച്ചു

“എപ്പോഴായിരുന്നു ശങ്കരാ?”

“ദാ ഇപ്പം നടന്നേയുള്ളൂസാർ.”.

“ഞങ്ങളുടനെ പുറപ്പെടാം. അപ്പാപ്പന്റെ കൈയിലൊന്ന് കൊടുത്തേ.”

“എല്ലാം പെട്ടെന്നായിരുന്നു മോനെ.”

അവറാച്ചന്റെ ശബ്ദം ഇടറി.

“ഒരു മൊബൈൽ മോർച്ചറിക്ക് ഏർപ്പാട് ചെയ്യണമല്ലോ അപ്പാപ്പാ. 1,2 ദിവസം കാത്തിരിക്കേണ്ടിവരും അടക്കിന്. ഞാനിപ്പോതന്നെ പുറപ്പെടുകയാ.” എല്ലാരോടും വിവരം അറിയിക്കണമല്ലോ. ജേക്കബ് ഫോൺ വച്ചു.

“ഹയ്യോ, അച്ചായനും പോയോ?” സംസാരം കേട്ടുകൊണ്ടുവന്ന മേരി പറഞ്ഞു.ജേക്കബ് ജ്യേഷ്ഠനെയും സഹോദരിയെയും ബീനയെയും ബിനുവിനെയും വിളിച്ച് കാര്യങ്ങൾ പറഞ്ഞു.

സംസ്കാരചടങ്ങുകളെകുറിച്ച് ബിനു വിശദമായി ചോദിച്ചറിഞ്ഞു.

“ഞാൻ വരണമെന്നുണ്ടോ ഡാഡീ. എപ്പോഴാ അടക്ക്?” ബിനു ചോദിച്ചു.

“ഇന്നു രാവിലെയല്ലേ മരിച്ചത്. നാളെ ബുധൻ. മറ്റന്നാളായിരിക്കും സംസ്കാരം. ഞാൻ അവിടെചെന്നിട്ട് കാര്യങ്ങൾ തീരുമാനിക്കാം.”

“ഞങ്ങൾ കൂടി ഇപ്പോ വന്നാൽ അടക്കിലും കൂടാം. സെബിനെയൊന്ന് കണ്ടിട്ടും പോരാം. അവനിപ്പം ഞങ്ങളെ മനസിലാകുമോന്ന് പോലുംഅറിയില്ല.”

“നീ വരുന്നെങ്കിൽ വെള്ളിയാഴ്ചത്തേക്കോ, ശനിയാഴ്ചത്തേക്കോ അടക്ക് തീരുമാനിക്കാം.”

“ടിക്കറ്റ് ഓ.കെയായാൽ നാളെ രാവിലെ ഞങ്ങളിവിടുന്ന് പുറപ്പെടാം. വെള്ളിയാഴ്ച രാവിലെ കൊച്ചിയിലെത്തും. അങ്ങനെയെങ്കിൽ ഉച്ചകഴിഞ്ഞ് അടക്ക് നടത്താമല്ലോ?”

“ടിക്കറ്റ് കാര്യം ഓകെയായാൽ എന്നെ മൊബൈലിൽ വിളിക്ക്, ബൈ”

അൽപസമയത്തിനുള്ളിൽ ബീനയും പ്രകാശും പ്രകാശിന്റെ അഛനും അമ്മയും വീട്ടിലെത്തി. ബീന പെട്ടെന്ന് ഡാഡിയുടെ അടുത്തെത്തി. ഡാഡിയുടെ മിഴികൾ നിറയുന്നതു കണ്ട് ബീനയും കരച്ചിലോളമെത്തി.

പ്രകാശ് അവിടേക്ക് വന്നുപറഞ്ഞു.

“ഞങ്ങളും ഡാഡിക്കും മമ്മിക്കുമൊപ്പം കുമരകത്തിന് വരുന്നു.”

“നമുക്ക് രണ്ട് കാറുകളിലായി പോകാം പ്രകാശ്. കുഞ്ഞിനെ നോക്കാൻ ജോലിക്കാരിയെയും കൂട്ടണം.”

“ഞങ്ങൾ ഞങ്ങളുടെ കാറിൽ വരാം. ഡാഡീ” പ്രകാശ് പറഞ്ഞു. ശ്രീധറും മാലിനിയും കുറച്ചു നേരം അവിടെ ചെലവിട്ടശേഷം തിരികെ പോയി.

“ഡാഡീ, ബിനുവെന്തു പറഞ്ഞു? അവര് വരുമോ?”ബീന ചോദിച്ചു.

“അവരും നാളെ പുറപ്പെടുമെന്നാ പറഞ്ഞത്. വെള്ളിയാഴ്ച രാവിലെ കൊച്ചിയിലെത്തും.”

ജേക്കബും മേരിയും കുമരകത്തെത്തുമ്പോൾ ഉച്ചകഴിഞ്ഞിരുന്നു. ജേക്കബ് എത്തിയിട്ട് ബോഡി മോർച്ചറിയിലേക്ക് കൊണ്ടുപോകാൻ കാത്തിരിക്കുകയായിരുന്നു എല്ലാവരും. അപ്പച്ചന്റെ ചേതനയറ്റ ശരീരം കണ്ട് ജേക്കബിന്റെ മിഴികൾ നിറഞ്ഞൊഴുകി. ഒരുനിമിഷം ആരും കാണാതെ അയാൾ കണ്ണീർ തുടച്ചു.വൈകാതെ ബോഡി മോർച്ചറിയിലേക്ക് കൊണ്ടുപോയി. ബിനുവും സൂസനും വരുന്നതിനാൽ അടക്ക് വെള്ളിയാഴ്ച നടത്താമെന്ന് തീരുമാനിച്ചു.

ശവസംസ്കാരചടങ്ങുകളൊക്കെ അറേഞ്ച് ചെയ്തിട്ട് ജേക്കബ് വന്നു കിടന്നപ്പോൾ രാവേറെയായി. ഒത്തിരി കഥകളുറങ്ങുന്ന , വല്യപ്പച്ചന്റെ മുറിയിലായിരുന്നു അയാൾ. മറ്റുള്ള മുറികളിലൊക്കെയും ആളുകളുണ്ട്. ബന്ധുക്കളും അയൽക്കാരുമൊക്കെ മരണവിവരം അറിഞ്ഞ് വന്നുംപോയുമിരിക്കുന്നു. ഈ മുറിയിൽ വല്യപ്പച്ചനൊപ്പം ഈ കട്ടിലിൽ കിടന്ന് കഥകളെത്ര കേട്ടിരിക്കുന്നു. ചരിത്രമെത്ര കേട്ടിരിക്കുന്നു. ചുവരിൽ തൂക്കിയിരുന്ന വല്യപ്പച്ചന്റെ ചിത്രത്തിലേക്ക് ശ്രദ്ധിച്ചുകിടന്നു,ജേക്കബ്.പുറത്ത് രാത്രി കനത്തു.ഗ്രാമം ഉറക്കത്തിലാണ്ടിരിക്കുന്നു.

“മോനേ, എനിക്ക് പിന്നാലെ സെബാസ്റ്റ്യനും മരിച്ചിരിക്കുന്നു. ഇനി നീയാണീ കുടുംബത്തിലെ കാരണവർ. പഴയതിൽ നിന്നും പുതിയ തലമുറകളിലേക്കുള്ള പാലമാകണം നീ. നീ വേണം നിന്റെ കൊച്ചുമോനോട്, ഞാൻ പറഞ്ഞു തന്ന കഥകളൊക്കെ പങ്കുവെക്കാൻ. കൂട്ടത്തിൽ നിന്റെയീ വല്യപ്പച്ചനെകുറിച്ചും നിന്റെ അപ്പച്ചനെകുറിച്ചും പറയാൻ മറക്കരുത്.അമ്മച്ചിയെ നന്നായി നോക്കണം. ഈ വീട് അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കണം. ഇത് നിന്റെ പൂർവികസ്വത്താണ്. അത് ഞാൻ നിന്റെ പേരിൽ എഴുതിവച്ചിട്ടുണ്ട്. നീയിത് നിന്റെ മകന് കൊടുക്കണം. വിറ്റ് കളയരുത്. നിന്റെ മകനെയും കൊച്ചുമകനെയും സത്യവും നീതിയും പഠിപ്പിക്കണം. പള്ളിയിൽ പോകണമെന്നും പ്രാർഥന മുടക്കരുതെന്നും ഉപദേശിക്കണം. ദൈവം നിന്നെയും നിന്റെ തലമുറകളെയും രക്ഷിക്കട്ടെ.”വല്യപ്പച്ചൻ തന്നെ നോക്കി പറയുന്നതു പോലെ തോന്നി ജേക്കബിന്.

ഭയത്താൽ വിയർത്തൊഴുകിയ ജേക്കബ് എഴുന്നേറ്റ് ബെഡിലിരുന്നു. മേരിയെ വിളിച്ച് ഒരു ഗ്ലാസ് വെള്ളം ചോദിച്ചു. വെള്ളം കൊടുത്തിട്ട് മേരി പറഞ്ഞു.

“ബീനയും പ്രകാശും പുറത്ത് പോയി റിസോർട്ടിൽ മുറിയെടുത്തു. അവർക്കിവിടുത്തെ സൗകര്യങ്ങളൊന്നും പറ്റില്ല. ജേക്കബ് ഒന്നും മിണ്ടിയില്ല. അവർക്ക് സുഖസൗകര്യങ്ങൾ വേണം. പഴയ വീട്ടിലുറങ്ങാൻ പറ്റില്ല.അയാൾ ഉള്ളിലെ ദേഷ്യം അടക്കിപ്പിടിച്ചു.ഇങ്ങനെയുള്ള തലമുറയെ എങ്ങനെ ഉപദേശിക്കും? എങ്ങനെ കഥകൾ പറഞ്ഞുകൊടുക്കും. അപ്പച്ചനും വല്യപ്പച്ചനും താനും തമ്മിൽ തലമുറകളുടെ വിത്യാസം ഉണ്ടായിരുന്നെങ്കിലും ഞങ്ങൾക്കിടയിൽ സാമ്യങ്ങളുമുണ്ടായിരുന്നു, കുടുംബപാരമ്പര്യങ്ങൾ, വിശ്വാസങ്ങൾ എന്നിങ്ങനെ. ഇതിപ്പം..അതുപോലെയുള്ള അടുപ്പമൊന്നും താനും മക്കളുമായില്ലല്ലോ. കൊച്ചുമക്കളുടെ കാലമാകുമ്പോഴേക്കും തലമുറകളുടെ വിടവ് വലുതായിക്കൊണ്ടേയിരിക്കും. അവർ തന്നെ വല്യപ്പച്ചനെന്ന് വിളിക്കും. പക്ഷേ, രക്തബന്ധം മാത്രമേ തങ്ങൾക്കിടയിലുണ്ടാകൂ. മുന്നോട്ടുള്ള ഓരോ തലമുറയ്ക്കും അവരുടേതായ പ്രത്യേകതകളുണ്ടായിരിക്കും. പിന്തിരിഞ്ഞു നോക്കിയിട്ടിനി കാര്യമില്ല. കൊച്ചുതലമുറയെ പറ്റുന്ന വിധത്തിലൊക്കെ ബോധവല്ക്കരിക്കാം.അതേ നടക്കൂ.

അടുത്ത ദിവസം രാവിലെ ചെന്നൈയിലുള്ള സഹോദരനും കുടുംബവും സഹോദരിയും കുടുംബവും ആന്റിമാരും അങ്കിൾമാരും കസിൻസുമൊക്കെ കുമരകത്തെത്തി. വന്നവർക്കെല്ലാം അടുത്തവീട്ടിൽ ഭക്ഷണവും മറ്റും അറേഞ്ച് ചെയ്തിരുന്നു. ബീനയെയും പ്രകാശിനെയും കണ്ട് ആരൊക്കെയോ മാറി നിന്ന് അടക്കം പറയുന്നു.

മരണവീടാണെങ്കിലും വളരെക്കാലം കൂടി തമ്മിൽ കണ്ടതിന്റെ സന്തോഷം പലരും മറച്ചുവച്ചില്ല. വെള്ളിയാഴ്ച രാവിലെ അടക്കിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. ബിനുവും സൂസനും രാവിലെ തന്നെയെത്തി. മേരിയുടെ കൈയിൽ നിന്നും സെബിനെയെടുത്ത് സൂസൻ മുത്തങ്ങളാൽ മൂടി. സൂസനെ കണ്ട് എല്ലാരും അതിശയിച്ചു. അത്രയ്ക്ക് സുന്ദരിയായിരുന്നു അവൾ.ബിനുവിന്റെ അപകടത്തെക്കുറിച്ചും പലരും അന്വേഷിച്ചു. ബീന താമസിക്കുന്ന റിസോർട്ടിലേക്ക് ബിനുവിനെയും സൂസനെയും കൊണ്ടുപോയി ഫ്രഷായി വരാൻ ജേക്കബ് അവരോട് പറഞ്ഞു.

വലിയൊരു ജനക്കൂട്ടം ശവസംസ്കാര ചടങ്ങുകൾക്കെത്തിയിരുന്നു. വീട്ടിലെ പ്രാർഥനകൾക്കുശേഷം മൃതദേഹമെടുത്ത് വണ്ടിയിൽവെച്ചു. അമ്മച്ചിയെ മക്കളെല്ലാവരും കൂടി താങ്ങിപ്പിടിച്ച് കാറിൽ കയറ്റി. ശവമഞ്ചത്തിന് പിന്നാലെ കാർ യാത്രയായി. വിലാപയാത്രയ്ക്ക് അകമ്പടിയായി ബാൻഡുസെറ്റുമുണ്ടായിരുന്നു. പള്ളിയിലെത്തിയശേഷം പ്രാർഥനകൾ തുടങ്ങി.

ടീച്ചറെന്ന നിലയിലും ഇടവകാംഗമെന്ന നിലയിലും നല്ലയൊരു ഗൃഹനാഥനെന്ന നിലയിലുമുള്ള സെബ

ാസ്റ്റ്യന്റെ പ്രവർത്തനങ്ങളെ വികാരിയച്ചൻ പ്രസംഗത്തിൽ അനുസ്മരിച്ചു.വീട്ടുകാരുടെ പ്രതിനിധിയായി ജേക്കബ് സംസ്കാരവേളയിൽ സംസാരിച്ചു.

"'ഞങ്ങളെയെല്ലാവരെയും ഏറെ സ്നേഹിച്ച അപ്പച്ചനോട് യാത്ര പറയാനാണ് ഞാനിവിടെ നിൽക്കുന്നത്.." ജേക്കബ് പറഞ്ഞു തുടങ്ങി.

"എന്റെ അമ്മച്ചിയ്ക്ക് സ്നേഹനിധിയായൊരു ഭർത്താവിനെ നഷ്ടമായിരിക്കുന്നു്.. എനിക്കും സഹോദരനും സഹോദരിക്കും ഞങ്ങളുടെ പ്രിയങ്കരനായ പിതാവിനെയും. അപ്പച്ചനും അമ്മച്ചിയും അധ്യാപകരാരായിരുന്നതിനാൽ അവരുടെ ഉപദേശങ്ങൾ ഞങ്ങളെ നല്ല വഴികളിലൂടെ നടത്തി. അവർ ഞങ്ങൾക്ക് നല്ല വിദ്യാഭ്യാസം നൽകി. സെബാസ്റ്റ്യൻ സാറെന്നറിയപ്പെട്ടിരുന്ന എന്റെ അപ്പച്ചൻ കുമരകത്തുകാരുടെ പ്രിയങ്കരനായ സെബാസ്റ്റ്യൻ മാഷായിരുന്നു. പരിമിതമായ മോഹങ്ങൾ കാത്തുസൂക്ഷിച്ചവരായിരുന്നു അപ്പച്ചനും അദ്ദേഹത്തിന്റെ തലമുറയും.നാടുമായും വീടുമായും ബന്ധപ്പെട്ടായിരുന്നു അവരുടെ ജീവിതം. എന്റെ പിതാവിനോട് വിട പറയുന്ന ഈ വേളയിൽ അദ്ദേഹത്തിന്റെ സമകാലീനരായിരുന്ന, മരിച്ചുപോയവരും ജീവിച്ചിരിക്കുന്നവരുമായ എല്ലാർക്കും ഞാനെന്റെ ആദരം അർപ്പിക്കുന്നു.ലോകം മാറ്റത്തിലേക്ക് ചുവടുവച്ച, ടെക്നോളജി വികസനത്തിലേക്ക് ലോകത്തെ നയിച്ച കാലഘട്ടത്തിന്റെ അവസാനത്തെ തലമുറയാണിപ്പോൾ കടന്നു പോകുന്നത്.എന്റെ അപ്പച്ചൻ ഒരു നല്ല പിതാവായിരുന്നു,എന്റെ അമ്മച്ചിക്ക് ഒരു നല്ല ഭർത്താവായിരുന്നു.അയൽക്കാർക്കും സുഹൃത്തുക്കൾക്കും പ്രിയപ്പെട്ടവനുമായിരുന്നു.അപ്പച്ചന് വിട പറയാനെത്തിയ എല്ലാവർക്കും എന്റെയും കുടുംബത്തിന്റെയും നന്ദി."പറഞ്ഞുതീരുമ്പോൾ ജേക്കബിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.

ശവസംസ്കാര ചടങ്ങുകൾക്കുശേഷം ബന്ധുക്കൾ ഭൂരിഭാഗവും തിരിച്ചുപോയി. ഒരു ദിവസം കഴിഞ്ഞ് ബീനയും പ്രകാശും തിരുവനന്തപുരത്തിനും ബിനുവും സൂസനും ഹൈദരാബാദിനും പോയി. ജേക്കബും സഹോദരങ്ങളും മേരിയും ഏഴാം ദിവസം വരെ കുമരകത്തു നിന്നു. അടുത്ത ദിവസം വൈകുന്നേരം കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കാനായി എല്ലാവരും അമ്മച്ചിയ്ക്കൊപ്പമിരുന്നു.

"അമ്മച്ചിയേക്കൂടി തിരുവനന്തപുരത്തിന് കൊണ്ടുപോകണമെന്നാ ഞങ്ങളുടെ പ്ലാൻ." ജേക്കബ് സംസാരം തുടങ്ങി.

"അപ്പോ പിന്നെയീ വീടെന്തു ചെയ്യും? ഞാനെങ്ങോട്ടും വരുന്നില്ല."

"അമ്മച്ചിക്ക് ഒറ്റക്കിവിടെ കഴിയാൻ പറ്റില്ല. എന്റെ കൂടെ ചെന്നൈക്ക് വാ അമ്മച്ചി. ശങ്കരനോട് ഇടയ്ക്കൊക്കെ വന്ന് വീട് നോക്കാൻ പറഞ്ഞാ മതിയല്ലോ."ജേക്കബിന്റെ സഹോദരൻ പറഞ്ഞു.

"എവിടേക്ക് പോകണമെന്ന് തീരുമാനിക്കേണ്ടതമ്മച്ചിയാ. ഒന്നുകിൽ ചെന്നൈക്ക് പോകണം. അല്ലെങ്കിൽ എന്റെയൊപ്പം വന്നേ പറ്റൂ. തന്നെ ഇവിടെ താമസിക്കാനൊന്നും പറ്റില്ലമ്മച്ചീ." ജേക്കബ് പറഞ്ഞു.

"ഞാനെന്റെ ജീവിതം മുഴുവൻ ജീവിച്ചു തീർത്ത വീടാണിത്. ഇത് വിട്ടിട്ട് ഞാൻ എവിടേക്കുമില്ല. ഇവിടെ അമ്മിണിയും ശങ്കരനുമുണ്ടല്ലോ. അവറാച്ചനുമുണ്ടിവിടെയടുത്ത്. എനിക്കെന്താവശ്യമുണ്ടായാലും അവരെ വിളിക്കാമല്ലോ. നിങ്ങൾക്ക് എന്നെ കാണേണ്ടപ്പോൾ ഇവിടേക്ക് വരികയും ചെയ്യാം. ഞാനിപ്പോൾ നിങ്ങളുടെ കൂടെ വന്നാൽ പിന്നെ നിങ്ങളാരും ഇവിടേക്ക് വരാൻ പോകുന്നില്ല. നിങ്ങളും നിങ്ങളുടെ അപ്പനും ജനിച്ച സ്ഥലമാ ഇത്. ഇതങ്ങനെ ഇട്ടിട്ടുപോയിക്കൂടാ."

"പറയുന്നതൊന്നും ഞങ്ങൾക്ക് മനസിലാകാഞ്ഞിട്ടല്ലമ്മച്ചീ. ഞങ്ങൾക്കെപ്പോഴും ഇവിടെ വന്നിരിക്കാൻ പറ്റുമോ. അമ്മച്ചിക്ക് ഒരാവശ്യമുണ്ടായാലും ഞങ്ങളിവിടുണ്ടാവില്ലല്ലോ.."ജേക്കബ് പറഞ്ഞു.

"എന്തായാലും 40-ാം ദിവസം കഴിയട്ടെ. 40ന്റെ ചടങ്ങുകൾക്ക് നിങ്ങൾ രണ്ടുപേരും വരുമല്ലോ?അ്മ്മച്ചി നയം വ്യക്തമാക്കി.അമ്മച്ചിയുടെ വിഷമം മനസിലാക്കി ജേക്കബ് പറഞ്ഞു.

"എല്ലാം ഞങ്ങൾക്ക് മനസിലാകുന്നുണ്ടമ്മച്ചീ. 40 വരെ അമ്മച്ചിയിവിടെ നിന്നോളൂഅതു കഴിഞ്ഞ് നമുക്ക് തിരുവനന്തപുരത്ത് പോകാം. നോക്കട്ടെ, ഇടയ്ക്ക് പറ്റിയെങ്കിൽ ഞാൻ വരാൻ ശ്രമിക്കാം.."

ഏഴാം ദിനത്തിനു മുമ്പ് ബിനുവും സൂസനും ഹൈദരാബാദിൽ നിന്ന് വന്നു. ബന്ധുക്കളും അയൽക്കാരും നാട്ടുകാരുമൊക്കെ ചടങ്ങുകളിൽ പങ്കെടുത്തു. അടുത്ത ദിവസം ബിനുവും സൂസനും അമേരിക്കയ്ക്ക് യാത്രയായി. സെബിനെ വിട്ടുപോകുമ്പോൾ സൂസൻ കരഞ്ഞു. ചിരിക്കുന്ന മുഖത്തോടെ സെബിൻ മമ്മിക്കും ഡാഡിക്കും ടാറ്റ ചൊല്ലി... ബന്ധുക്കളെല്ലാം മടങ്ങിയതോടെ ജേക്കബും മേരിയും അന്നമ്മയും സെബിനും മാത്രമായി വീട്ടിൽ. ഇനിയീ വീട്ടിലെന്നാവുമോ ഇതുപോലൊരു രാത്രി കഴിയാനാവുക. ജേക്കബ് ചിന്തിച്ചു. വല്യപ്പച്ചനും വല്യമ്മച്ചിയും അപ്പച്ചനുമെല്ലാം ഓർമകൾ മാത്രമായിരിക്കുന്നു. താനുൾപ്പെട്ട ചെറുമടയിൽ കുടുംബത്തിന്റെ പാരമ്പര്യത്തിനും മൂല്യങ്ങൾക്കും താൻ കാരണം എന്തെങ്കിലും കുഴപ്പം പറ്റിയോ. കുടുംബത്തിന്റെ പേരിലോ പാരമ്പര്യങ്ങളിലോ ഒന്നും തന്റെ മക്കൾക്ക് താൽപര്യമില്ല. ഒരിക്കൽക്കൂടി ബാല്യകാലത്തേക്ക് തിരിച്ചു ചെല്ലാനായിരുന്നെങ്കിൽ... വെറുതെ മോഹിച്ചു ജേക്കബ്. ജീവിതം മുന്നോട്ടു പോയല്ലേ പറ്റൂ. പഴയ കാലത്തേക്ക് തിരിച്ചുപോകുന്നതു ഗൃഹാതുരത്വമുണ്ടാക്കും. മുന്നിലേക്ക് നോക്കിയാൽ പ്രതീക്ഷകളുടെ ലോകമാണ്. ഒരുവിധത്തിൽ പറഞ്ഞാൽപുതിയ തലമുറ പഴയ തലമുറയെ വഞ്ചിക്കുകയാണോ?

ജീവിതമെന്ന് പറയുന്നതു തന്നെ ഇത്തരം വഞ്ചനകളുടെ ബാക്കി പത്രമാണല്ലോ. പഴയ തലമുറ ഇല്ലാതാകുമ്പോൾ പുതിയ ആശയങ്ങളും രീതികളുമായി പുതുതലമുറ ഉണർന്നു പ്രവർത്തിക്കുന്നു.ഇന്നത്തെ തലമുറയോട്പൊരുത്തപ്പെടുക പഴയ ആളുകൾക്ക് ബുദ്ധിമുട്ടു തന്നെ. മില്ലനിയം തലമുറ എന്ന് വിളിക്കപ്പെടുന്ന പുതുതലമുറയ്ക്ക് ടെക്നോളജിയുടെ നേട്ടങ്ങളില്ലാതെ ജീവിതം പറ്റില്ല. ഇന്റർനെറ്റും മൊബൈൽ ഫോണും ജീവിതം മാറ്റി മറിച്ചിരിക്കുന്നു.വിദേശ സംസ്കാരങ്ങളും ഫിലസഫിയും ജീവിതരീതിയുമൊക്കെ ചിന്തയുടെ ചക്രവാളം മതത്തിനും ജാതിക്കും പാരമ്പര്യങ്ങൾക്കുമപ്പുറത്തേക്ക് വളർത്തി ഇന്നിന്റെ തലമുറയ്ക്ക് വ്യത്യസ്ത ആശയങ്ങളും ബോധ്യങ്ങളും നൽകി.സോളാർ സിസ്റ്റം എന്ന ഒരേയൊരു പ്ലാനറ്ററി സിസ്റ്റമേ ഉള്ളൂവെന്ന് നാം കരുതിയിരുന്നു പഴയ കാലത്ത്. ഇന്നിപ്പോൾ ആയിരക്കണക്കിന് പ്ലാനറ്ററി സിസ്റ്റങ്ങൾ ലോകത്തുണ്ടെന്ന് നമുക്കറിയാം. വാർത്താവിനിമയ രംഗത്തും വിവരങ്ങൾ പങ്കുവയ്ക്കുന്നതിലും ഇന്റർനെറ്റ് അപാരമായ സാധ്യതകളുടെ മേഖല നമുക്ക് കാണിച്ചു തന്നു്..

പുതിയ തലമുറയ്ക്കൊപ്പം സഞ്ചരിച്ചേ പറ്റൂ എന്ന സത്യം ജേക്കബ് തിരിച്ചറിഞ്ഞു. പഴയതിനെ മറക്കാനും അയാളൊരുക്കമായിരുന്നില്ല. മക്കൾക്കും കൊച്ചുമക്കൾക്കുമൊപ്പം ജീവിതം മുന്നോട്ടു കൊണ്ടു പോകാതെ തരമില്ല. ചിന്തകൾക്കിടേ് ജേക്കബൊന്നു മയങ്ങി..ഉണരുമ്പോൾ മുറിയിലെങ്ങും ഒരു തണുത്ത കാറ്റിന്റെ സ്പർശം ജേക്കബ് തൊട്ടറിഞ്ഞു. ജനാലയ്ക്കരികിലൂടെ ആരോ തന്നെ വിളിക്കുന്ന പോലൊരു തോന്നൽ. പുറത്ത് നിലാവ് പെയ്തുകിടന്നു.മരങ്ങൾക്കിടയിലൂടെ വീഴുന്ന ഇരുട്ടിൽ എതൊക്കെയോ രൂപങ്ങൾ നടന്നുമറയുന്ന പോലെ. തോന്നലാവാം.....അയാൾ വാതിൽക്കലേക്കു ചെന്നു.

“ആരാണത്?” ജേക്കബ് ചോദിച്ചു.

“ജേക്കബ്, ഞങ്ങൾ നിന്റെ വല്യപ്പച്ചനും അപ്പച്ചനുമാ....നീയും കൂടി ഞങ്ങൾക്കൊപ്പം വരൂ. നിന്നെ ഞങ്ങൾക്കുവേണം്..”ജനാലയ്ക്കപ്പുറത്തു നിന്നും ഒരു പതിഞ്ഞ സ്വരം. അവിടെ മരങ്ങൾക്കിടയിൽ അപ്പച്ചന്റെയും വല്യപ്പച്ചന്റെയും പ്രതിഛായ നടന്നുനീങ്ങുന്ന പോലെ തോന്നി ജേക്കബിന്. അവർ വീണ്ടും വിളിക്കുകയാണ്.

“‘ജേക്കബ്, ജേക്കബ്,നീ ഞങ്ങൾക്കൊപ്പം വരൂ.”

ഭയത്താൽ ജേക്കബിന്റെ ശരീരം തണുത്തുവിറച്ചു. പെട്ടന്നയാൾ വാതിൽ ശക്തിയായി വലിച്ചടച്ചു. ശബ്ദം കേട്ട് സെബിനെ കൈയിലെടുത്ത് മേരി അവിടേക്ക് വന്നു.

“എന്തു പറ്റിയച്ചായാ? വല്ലാതെ വിയർക്കുന്നല്ലോ? എന്താ മുഖം വിളറിയിരിക്കുന്നേ? വല്ലതും കണ്ട് പേടിച്ചോ” മേരി ചോദിച്ചു.

മേരിയുടെ കൈയിൽ നിന്നും സെബിനെ വലിച്ചെടുത്ത് നെഞ്ചോട് ചേർത്ത് ജേക്കബ് പറഞ്ഞു.

“ഇല്ല, ഞാനവർക്കൊപ്പം പോകില്ല. എനിക്കെന്റെ മക്കളുടെയും കൊച്ചുമക്കളുടെയും ഒപ്പം ജീവിക്കണം. അവരെന്റേതാണ്.”

“ അച്ചായനാരു വന്നെന്നായീ പറയുന്നേ?” മേരിക്ക് ആകാംക്ഷയായി.

“അച്ചായനും അപ്പച്ചനുമാണിപ്പോ പുറത്തുവന്നത്. ഞാനവർക്കൊപ്പം ചെല്ലണമെന്ന്. ഇല്ലെന്നു ഞാൻ പറഞ്ഞു. .”

“എന്തായീ പറയുന്നേ. ഇതെന്തു കളിയാ..അച്ചായനെന്നാ ഭ്രാന്തുണ്ടോ?”

“ഇല്ല ഞാൻ സത്യമാ പറയുന്നേ. അവർ പുറത്തുണ്ട്. അവരെന്നെ വിളിക്കുന്നുണ്ട്.”ജേക്കബ് പറഞ്ഞു

മേരി ജനാല തുറന്ന് പുറത്തേക്ക് നോക്കി. ഒരു തണുത്തകാറ്റ് മുറിയിലേക്ക് കടന്നുവന്നു. പുറത്ത് എന്തോ നിഴലുകൾ നീങ്ങുന്ന പോലെ.. അവർ പെട്ടെന്ന് ജനൽപാളികൾ അടച്ചിട്ടു.

ജേക്കബിനെയും സെബിനെയും കെട്ടിപ്പിടിച്ച് മേരി പറഞ്ഞു.

“അച്ചായനവർക്കൊപ്പം പോകണ്ട. ഇനിയീ വീട്ടിലെ വല്യപ്പച്ചന്റെ സ്ഥാനം അച്ചായനാ. . സെബിന്റെ വല്യപ്പച്ചൻ. സെബിനുവേണം ഈ വല്യപ്പച്ചനെ..”

മേരിയും ജേക്കബും സെബിനൊപ്പം വല്യപ്പച്ചന്റെ മുറിയിലിരുന്നു.